**<u>15 -ാം കേരള നിയമസഭ</u>**

**<u>16 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1156</u>** **<u>02-02-2026 - ൽ മറുപടിയ്ക്ക്</u>**

**<u>കയ്പമംഗലം നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | കയ്പമംഗലം നിയോജകമണ്ഡലത്തിലെ കുടിവെള്ള പൈപ്പുകൾ പൊട്ടുന്നത് മൂലം പ്രദേശവാസികളുടെ കുടിവെള്ളം മുടങ്ങുന്ന സാഹചര്യം പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് വിശദമാക്കാമോ; | (എ) | കൈപ്പമംഗലം നിയോജക മണ്ഡലത്തിലെ പഞ്ചായത്തുകളിലേക്ക് കുടിവെള്ളം വിതരണം ചെയ്യുന്നത് ഏകദേശം **45** വർഷം പഴക്കമുള്ള CWSS to നാട്ടിക - ഫിർക്ക എന്ന സ്കീമിൽ നിന്നാണ്. കാലപ്പഴക്കത്താൽ main gravity പൈപ്പുകളിൽ ജോയിന്റ് ലീക്ക് ഉണ്ടാകുമ്പോൾ അതാതു സമയങ്ങളിൽതന്നെ അറ്റകുറ്റപണികൾ ചെയ്ത് കുടിവെള്ളവിതരണം പുനഃസ്ഥാപിക്കാറുണ്ട്. നാട്ടിക ഫിർക്ക കുടിവെള്ള പദ്ധതിയുടെ ഭാഗമായിട്ടുള്ള കാലഹരണപ്പെട്ട പ്രീമോ പൈപ്പുകൾ മാറ്റി പുതിയ പൈപ്പുകൾ സ്ഥാപിക്കുന്നതിന് 3 പ്രവൃത്തികൾക്ക് കിഫ്ബിയിൽ നിന്നും ഫണ്ടിംഗ് അനുമതി ലഭ്യമായിട്ടുണ്ട്. ടി പ്രവൃത്തികളുടെ ദർഘാസ് നടപടികൾ പൂർത്തീകരിച്ച് കരാറുകാരന് പ്രവർത്തനാനുമതി നൽകിയിട്ടുണ്ട്. ഇതിൽ കൈപ്പമംഗലം നിയോജകമണ്ഡലത്തിൽ റീച് 1, റീച് 2 പ്രവൃത്തികളാണ് നടപ്പാക്കുന്നത്.<br><br>റീച് 1 പ്രവൃത്തിയിൽ സി. വി. സെന്റർ മുതൽ അഗസ്ത്യേശ്വരം ടെംപിൾ വരെ 2.52 km ഉം, റീച് 2 പ്രവൃത്തിയിൽ അഗസ്ത്യേശ്വരം ടെംപിൾ മുതൽ മതിലകം സമ്പ് വരെ 4.74 km ഉം പൈപ്പ് ലൈൻ മാറ്റുന്നതിനുള്ള പ്രവർത്തനാനുമതി നൽകി യിട്ടുണ്ട്.<br><br>റീച് 1 ൽ ഇതുവരെ 2094 m ഉം , റീച് 2 ൽ 564 m ഉം പൈപ്പ് ലൈൻ മാറ്റി സ്ഥാപിച്ചു. റീച് 2 പ്രവൃത്തിയിൽ 2 റോഡുകൾക്ക് പൊതുമരാമത്ത് വകുപ്പിൽ നിന്ന് ലഭിച്ച ഡിമാൻഡ് നോട്ട് അനുസരിച്ച് 21.11.2025 തീയതിയിൽ ബാങ്ക് ഗ്യാരണ്ടി അടച്ചിട്ടും അനുമതി ഇതുവരെയും ലഭ്യമായിട്ടില്ല. ആയത് ലഭ്യമായതിനുശേഷം പൈപ്പ് ലൈൻ സ്ഥാപിക്കേണ്ടതുണ്ട്. നിലവിലെ സാഹചര്യത്തിൽ റീച് 1 മെയ് മാസത്തോടെയും, റീച് 2 ഡിസംബർ മാസത്തോടെയും പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്നു. |

| | | | |
|---|---|---|---|
| (ബി) | നാട്ടിക ഫർക്ക കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് പൈപ്പ് മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്ന ഉദ്ദേശിക്കുന്നത്; | (ബി) | പ്രവൃത്തിയുടെ പുരോഗതി കൃത്യമായി നിരീക്ഷിച്ച് തടസ്സങ്ങൾ മാറ്റുവാനുള്ള നടപടികൾ സ്വീകരിക്കുന്നു. ഉദ്യോഗസ്ഥ തലത്തിൽ അവലോകന യോഗങ്ങൾ ചേർന്ന് പുരോഗതി ഉറപ്പുവരുത്തുന്നുണ്ട്. |
| (സി) | 2025-26 ബഡ്ജറ്റിൽ മൂന്നു കോടി രൂപ വകയിരുത്തി പ്രഖ്യാപിക്കപ്പെട്ട കുടിവെള്ള പദ്ധതി ആരംഭിക്കുന്നതിനും പൂർത്തീകരണത്തിനുമായി എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചിരിക്കുന്നത് വിശദമാക്കാമോ? | (സി) | കൈപ്പമംഗലം നിയോജക മണ്ഡലം എം.എൽ. എ., ശ്രീ ടൈസൺമാസ്റ്റർ അവർകളുടെ 23.08.2025 തീയതിയിലെ കത്ത് പ്രകാരം കൈപ്പമംഗലം നിയോജകമണ്ഡലം തനതു കുടിവെള്ള പദ്ധതി ക്കായി 2 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പ്രസ്തുത DPR ൽ എസ്.എൻ.പുരം ഗ്രാമ പഞ്ചായത്തിൽ ഓമൻകുളം, പതിയാശ്ശേരി എന്നീ പ്രദേശങ്ങളിലേക്കായി മിനി കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനും മതിലകം, എസ്.എൻ.പുരം ഗ്രാമ പഞ്ചായത്തുകളിൽ ജല വിതരണ ലഭ്യത തോത് ഉയർത്തുന്നതിനുമായി നിലവിലെ മതിലകം ബൂസ്റ്റർ പമ്പ്ഹൗസിൽ മോട്ടോർ പമ്പു സെറ്റുകൾ, ട്രാൻസ്ഫോർമർ എന്നിവ സ്ഥാപിക്കുന്നതിന് ആവശ്യമായ ഘടകങ്ങൾ ആണ് ഉൾപ്പെടുത്തുന്നത്. |

സെക്ഷൻ ഓഫീസർ